മതം സ്വീകരിച്ച മുൻ പട്ടികജാതിക്കാരെ, പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെ അനുകൂലിച്ചും, എതിർത്തും സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനങ്ങൾ കൂടി കണക്കിലെടുത്ത് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## (2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### 1 (1) ഗൾഫ് മലയാളികൾക്ക് വോട്ടവകാശം

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. എ. ചന്ദ്രൻ
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മലയാളികൾക്ക് വോട്ടവകാശം നൽകുന്നത് സംബന്ധിച്ച ഗവൺമെന്റ് സമീപനം എന്തെന്ന് വിശദീകരിക്കുമോ;

(ബി) അവർക്ക് വോട്ടവകാശം ലഭിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ;

(സി) ഈ നടപടികളുടെ അനന്തരഫലം എന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ 19-ാം വകുപ്പ് പ്രകാരം ഗൾഫ് മലയാളികൾക്ക് ഇപ്പോൾ വോട്ടവകാശത്തിന് അർഹതയില്ല.

(ബി) ഇക്കാര്യത്തിൽ അനന്തര നടപടികൾ എടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(സി) ഉദിക്കുന്നില്ല.

### 2 (2) വിവരസാങ്കേതിക വിദ്യ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക മേഖലയുടെ വിവിധ രംഗങ്ങളിലെ സഹകരണത്തിന് കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സി-ഡിറ്റ് ഏതെങ്കിലും അന്തർദേശീയ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സി-ഡിറ്റ് ഒരു അന്താരാഷ്ട്ര കമ്പനിയുമായും ധാരണാപത്രം ഒപ്പിട്ടിട്ടില്ല. എന്നാൽ 7.6.99-ന് സി-ഡിറ്റും മൈക്രോസോഫ്റ്റ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയും തമ്മിൽ വിവര സാങ്കേതിക മേഖലയുടെ വിവിധ രംഗങ്ങളിലെ സഹകരണത്തിന് ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നു. മൈക്രോസോഫ്റ്റ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്നത് ഒരു ഇൻഡ്യൻ കമ്പനിയാണ്. ഈ കമ്പനിയും ഏതാണ്ട് ഇതേ പേരിലുള്ള അമേരിക്കൻ കമ്പ

LIBRARY ARCHIVES Kerala Legislative Assembly

നിയും തമ്മിൽ ഉള്ള ബന്ധത്തിന്റെ വിശദാംശങ്ങൾ ധാരണാപത്രം സ്ഥിരീകരിക്കുന്നതിന് മുമ്പ് പരിശോധിക്കുന്നതാണ്. ഇപ്പോഴത്തെ ധാരണാപത്രം "നോൺ ബൈന്റിംഗ് എം ഒ യു" ആണ്. അതിന്റെ കോപ്പി ഇതിന്റെകൂടെ വച്ചിരിക്കുന്നു.†

**3 (3) വികസന പ്രക്രിയയിൽ ശാസ്ത്രസാങ്കേതിക പുരോഗതിയുടെ പങ്ക്**

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ ശാസ്ത്രസാങ്കേതിക പുരോഗതി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഏതെങ്കിലും ഹൈലെവൽ കമ്മിറ്റികളെ ഉപയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ്; ചെയർമാൻ ആരാണ്;

(സി) പ്രസ്തുത കമ്മിറ്റി സർക്കാരിന് എന്തെങ്കിലും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) റിപ്പോർട്ടിലെ ശുപാർശകൾ എന്തൊക്കെയാണ്;

(ഇ) ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സർക്കാരിന്റെ മുൻ ശാസ്ത്ര ഉപദേഷ്ടാവ് ഡോ. പി.കെ. അയ്യങ്കാർ ചെയർമാനായ സമിതിയിൽ താഴെപ്പറയുന്നവർ അംഗങ്ങളാണ്.

1. ഡോ. എസ്. വരദരാജൻ, പ്രസിഡന്റ്, ഐ.എൻ.എസ്.എ.
2. ഡോ. ഐ.എസ്. ഗുലാത്തി, വൈസ് ചെയർമാൻ, സംസ്ഥാന പ്ലാനിംഗ് ബോർഡ്
3. സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ്, ഭാരത സർക്കാർ
4. ചീഫ് സെക്രട്ടറി, കേരള സർക്കാർ
5. ഡോ. എം.എസ്. വല്യത്താൻ, ചെയർമാൻ, മണിപ്പാൽ അക്കാഡമി ഓഫ് ഹയർ എഡ്യൂക്കേഷൻ
6. പ്രൊഫ. എൻ ബാലകൃഷ്ണൻ നായർ, മുൻ ചെയർമാൻ, സ്റ്റെക്
7. ഡോ. വി.പി. കുൽക്കർണി, മുൻ ഡയറക്ടർ, ഇ.ആർ. ആന്റ് ഡി.സി.
8. ശ്രീ. എം.എൽ. പ്രസാദ്, മുൻ ചെയർമാൻ, റെയിൽവേ ബോർഡ്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly